



# *Through the Corridor of Time-*

*A Compendium of Media Reports on the Archaeological Expeditions undertaken by Dr. V.SANALKUMAR.*

A Project aiming for the Promotion of Field Explorations in Search of Cultural Heritage Sites and Evidences using ICT and Print and Electronic Media



സ്കൂൾ പഠനയാത്ര: ഗുഹാസങ്കേതത്തിൽ പ്രാചീന ലിപിയും വരകളും കണ്ടെത്തി


DR. V.SANALKUMAR

(National and State Awardee for Best Higher Secondary School Teacher)

Higher Secondary School Teacher (Geography)

**JAYAKERALAM HIGHER SECONDARY SCHOOL**

PULLUVAZHI (PO), ERNAKULAM DISTRICT

KERALA STATE-PIN CODE-683542

Web site: www.archaeologyofkerala.com

Email: v.sanalkumar@gmail.com

09447874283


**Year - March 2016**



കാരിക്കോട് ശ്രീകൃഷ്ണക്ഷേത്രത്തിലെ പ്രാചീന ശിലാലിഖിതത്തിനടുത്ത് ഡോ. വി സനൽകുമാർ

# കാരിക്കോട് ക്ഷേത്രത്തിൽ ശിലാലിഖിതം കണ്ടെത്തി

പെരുമ്പാവൂർ: ഒക്കലിനുസമീപം ജീർണാവസ്ഥയിലുള്ള കാരിക്കോട് ശ്രീകൃഷ്ണക്ഷേത്രത്തിൽ വട്ടെഴുത്തിലുള്ള പ്രാചീന ശിലാലിഖിതം കണ്ടെത്തി. വൃത്താകൃതിയിലുള്ള കരിങ്കൽ ക്ഷേത്ര അധിഷ്ഠാനത്തിന്റെ കുമുദത്തിലാണ് മൂന്നുവരികളിലായി 30 അക്ഷരങ്ങളുള്ള വട്ടെഴുത്തുലിപി ആലേഖനംചെയ്തിട്ടുള്ളത്.

ദേശീയ അധ്യാപക പുരസ്കാരജേതാവും പ്രാചീനചരിത്രത്തിൽ ഗവേഷകനുമായ പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ ഡോ. വി സനൽകുമാറാണ് വട്ടെഴുത്തുലിപി തിരിച്ചറിഞ്ഞത്. പ്രമുഖ ചരിത്രപണ്ഡിതനായ തൃപ്പൂണിത്തുറ ഹിൽപ്പാലസ് ഡയറക്ടർ ഡോ. എം ജി എസ് നാരായണന് ലിപിയുടെ പകർപ്പ് വായിക്കാൻ അയച്ചുകൊടുത്തിട്ടുണ്ട്. ശാസ്ത്രീയമായി എക്സ്റ്റാമ്പേജ് ചെയ്യാൻ എം ജി എസ് നാരായണൻ ഉടൻ സ്ഥലം സന്ദർശിക്കുമെന്ന് സനൽകുമാർ അറിയിച്ചു.

പ്രാചീന തമിഴകത്ത് ഏഴാംനൂറ്റാണ്ടിനുശേഷം നിലനിന്നിരുന്ന വട്ടെഴുത്തുലിപിയുടെ ഭാഷ പ്രാചീന തമിഴാണ്. എഡി 800നും 1400നും മധ്യേയാണ് വട്ടെഴുത്തുലിപി കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നത്. രാജഭരണാധികാരികളുടെ അനുശാസനങ്ങൾ, ക്ഷേത്രപുനരുദ്ധാരണം, നിത്യവിളക്കിനുള്ള വഴിപാട് എന്നിവയാണ് പൊതുവെ ലിഖിതശാസനങ്ങളിലെ ഉള്ളടക്കം.

പാലക്കാട് ജില്ലയിൽ പതിനഞ്ചോളം വട്ടെഴുത്തു ശിലാലിഖിതങ്ങളും തമിഴ്, തെലുങ്ക് ലിപികളും സനൽകുമാർ അടുത്തിടെ കണ്ടെത്തിയിട്ടുണ്ട്. കാരിക്കൽ ശ്രീകൃഷ്ണക്ഷേത്രം വിവിധ കാലഘട്ടത്തിൽ പുനരുദ്ധരിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ സമീപപ്രദേശങ്ങളിലെ ചരിത്രാവശിഷ്ടങ്ങളിൽനിന്ന് ദൃശ്യമാണെന്ന് സനൽകുമർ പറഞ്ഞു. എന്നാൽ, പല പ്രധാന ക്ഷേത്രാവശിഷ്ടങ്ങളും കാണാതായിട്ടുണ്ട്.

ഒരുകാലത്ത് തകർക്കപ്പെടുകയോ കത്തിനശിക്കുകയോചെയ്ത ക്ഷേത്രം പിന്നീട് പുതുക്കിപ്പണിതതാണെന്ന് പഴമക്കാർ പറയുന്നു. ബ്രാഹ്മണിസത്തിന്റെ തകർച്ചയിൽ മറ്റു മതവിഭാഗങ്ങളിലേക്കുള്ള ജനങ്ങളുടെ കൂട്ട മതപരിവർത്തനങ്ങളും ക്ഷേത്രത്തിന്റെ ജീർണാവസ്ഥയ്ക്ക് കാരണമാണ്. കൂടൽമാണിക്യക്ഷേത്ര ഊരായ്മയിൽപ്പെട്ട കിടങ്ങശേരി തരണനെല്ലൂർ ഊരായ്മയിലുള്ളതാണ് ഈ ക്ഷേത്രം.

Desabimani 2013 December 12 Thursday

# ഭൂകമ്പ മുന്നറിയിപ്പ് വീടുകളിലും



ഭൂകമ്പ മുന്നറിയിപ്പ് വീടുകളിൽ എത്തിക്കാൻ കഴിയുന്ന സൈസ്മിക് പ്രഡിക്ടറുമായി എറണാകുളം പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികളായ ഹൊസൈൻ അൻസാരിയും എസ്. ഗോകുലും.

കൊല്ലം: അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എപിജെ അബ്ദുൽകലാമിന്റെ ഭൂകമ്പ പ്രവചന ഗവേഷണത്തിന്റെ ആവശ്യകതയിലൂന്നിയ പ്രഭാഷണത്തിന്റെ പ്രചോദനമുൾക്കൊണ്ടുകൊണ്ടാണ് ഭൂകമ്പ മുന്നറിയിപ്പ് വീടുകളിൽ എത്തിക്കാൻ കഴിയുന്ന സൈസ്മിക് പ്രഡിക്ടർ എന്ന ഉപകരണവുമായി എറണാകുളം പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികളായ ഹൊസൈൻ അൻസാരിയും എസ്. ഗോകുലും ശാസ്ത്രോത്സവത്തിലെത്തിയത്. ഇക്കഴിഞ്ഞ മേയ് മാസത്തിൽ കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ കലാം നടത്തിയ പ്രഭാഷണം കേൾക്കാൻ അൻസാരിക്കും ഗോകുലിനും ക്ഷണം ലഭിച്ചിരുന്നു.

നിലവിലുള്ള ഉപകരണമായ സീസ്മോ ഗ്രാഫിൽ ഭൂകമ്പത്തിന്റെ തീവ്രത മാത്രമേ രേഖപ്പെടുത്താറുള്ളൂ. ഇതിൽ നിന്നുള്ള സന്ദേശം ഔദ്യോഗിക കേന്ദ്രത്തിലെത്തി വിശകലനം നടത്തുമ്പോഴേക്കും ജനങ്ങൾ കെട്ടിടത്തിനടിയിൽപ്പെട്ട് വൻ ദുരന്തം സൃഷ്ടിച്ചിരിക്കും. രാത്രിയിലാണ് ഭൂകമ്പമെങ്കിൽ മരണസംഖ്യ വർധിക്കുകയും ചെയ്യും. ഇവിടെയാണ് സൈസ്മിക് പ്രഡിക്ടറിന്റെ പ്രസക്തി.

ഭൂകമ്പമോ സുനാമിയോ ഉണ്ടായാൽ ഉടനെ തന്നെ വീടിനു സമീപമോ മുറ്റത്തോ സ്ഥാപിച്ചിട്ടുള്ള സൈസ്മിക് പ്രഡിക്ടറിൽ നിന്ന് ഇലക്ട്രോണിക് സംവിധാനം വഴി വീടിനകത്ത് മുന്നറിയിപ്പ് ശബ്ദം അടിക്കും.

പ്രകമ്പനത്തിന്റെ തീവ്രതയ്ക്കനുസരിച്ച് വീട്ടിൽ നിന്ന് പുറത്തേക്കിറങ്ങി അപകട സാധ്യത ഒഴിവാക്കാം. സൈസ്മിക് പ്രഡിക്ടറിലെ ചാർട്ട് പേപ്പറിൽ പ്രകമ്പന തീവ്രത സൂചിപ്പിക്കുന്ന ഗ്രാഫും ലഭിക്കും.

ഇലക്ട്രിക്കൽ സാങ്കേതിക വിദ്യ ഉപയോഗിച്ചും മൊബൈൽ ഫോൺ വഴിയും ഈ മുന്നറിയിപ്പ് നൽകാൻ സാധിക്കും. ഭാവിയിൽ ഏറ്റവും വലിയ വെല്ലുവിളിയായ ഇലക്ട്രോണിക് മാലിന്യത്തിൽ നിന്നാണ് സൈസ്മിക് പ്രഡിക്ടറിന്റെ 90 ശതമാനം സാമഗ്രികളും സംഘടിപ്പിച്ചിരിക്കുന്നത്. ഉപേക്ഷിക്കപ്പെട്ട ട്രാൻസ്ഫോർമർ, റെഗുലേറ്റർ, ട്രാൻസിസ്റ്റർ, റെസിസ്റ്റർ, ഹീറ്റ് സിങ്ക്, സിസി മോട്ടോർ, ബ്രെഡ്ബോർഡ് എന്നിവ കൊണ്ടാണ് സൈസ്മിക് പ്രഡിക്ടർ നിർമിച്ചിരിക്കുന്നത്. ഭൂകമ്പത്തെ ചെറുക്കും വിധം നിർമിച്ചിട്ടുള്ള സ്മാർട്ട് ഹോമുമായി ബന്ധിപ്പിച്ച് അപായ സൂചന നൽകാവുന്ന നൂതന സാങ്കേതിക വിദ്യയാണ് ഈ കണ്ടുപിടിത്തത്തെ ശ്രദ്ധേയമാക്കുന്നത്.

വീടിനു തീപിടുത്തമോ, അപകടമോ ഉണ്ടായാൽ മുന്നറിയിപ്പു നൽകാനും അനധികൃതമായി വീടിനകത്ത് ആരെങ്കിലും പ്രവേശിച്ചാൽ കാമറയിൽ പതിഞ്ഞ് റിമോർട്ട് സംവിധാനം വഴിയും ഫോൺവഴിയും വീട്ടുടമസ്ഥർക്ക് മുന്നറിയിപ്പു നൽകാനും ഇതു വഴി കഴിയും. സ്കൂളിലെ ജോഗ്രഫി അധ്യാപകനായ ഡോ. വി. സനൽകുമാറിന്റെ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് കുട്ടികൾ നൂതനമായ ഈ ആശയം അവതരിപ്പിച്ചിരിക്കുന്നത്.

**Deepilka 2015 November 27 Friday**

# പാഴ് വസ്തുക്കളിൽ നിന്ന് ഭൂകമ്പ മുന്നറിയിപ്പ് ഉപകരണം

കൊച്ചി: ദുരിതങ്ങളുണ്ടായാൽ മുന്നറിയിപ്പ് നൽകാനുള്ള സൈസ്മിക് പ്രഡിക്ടറും സ്മാർട്ട് ഹൗസുമായാണ് പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളായ ഹൊസൈൻ അൻസാരിയും എസ്. ഗോകുലും എത്തിയത്. ഭൂകമ്പം, തീപിടിത്തം, മറ്റ് പ്രകൃതിദുരന്തങ്ങൾ എന്നിവയുണ്ടായാൽ നിമിഷനേരത്തിനുള്ളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മുന്നറിയിപ്പ് നൽകുന്നതോടൊപ്പം റിമോർട്ട് കൺട്രോളർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇത് പതിനാല് മണിക്കൂറും എവിടെയിരുന്നാലും നിരീക്ഷിക്കാവുന്ന സ്മാർട്ട് വീടുമാണ് ഇവർ അവതരിപ്പിച്ചത്. പാഴ് വസ്തുക്കൾ ഉപയോഗിച്ചാണ് ഇവയുടെ നിർമ്മാണം.

ഭൂകമ്പമോ സുനാമിയോ സംഭവിച്ചാൽ ഉടനെ തന്നെ വീടിന് സമീപമോ മുറ്റത്തോ സ്ഥാപിച്ചിട്ടുള്ള ഉപകരണത്തിൽ നിന്നുള്ള ഇലക്ട്രോണിക് സംവിധാനം വഴി മുന്നറിയിപ്പ് ശബ്ദം നൽകും. പ്രകമ്പനത്തിന്റെ തീവ്രത അനുസരിച്ച് വീട്ടിൽ നിന്നും പുറത്തേക്കിറങ്ങി അപകട സാധ്യത ഒഴിവാക്കാൻ സാധിക്കും. ഭാവിയിൽ ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്ന പാഴ് വസ്തുക്കളിൽ നിന്നാണ് ഇവ നിർമ്മിച്ചിരിക്കുന്നത്.

രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളാണ് ഉത്തർപ്രദേശിലെ ഗോരഖ്പൂർ സ്വദേശിയുമായ ഹൊസൈനും ഗോകുലും. മികച്ച ഹയർ സെക്കൻഡറി അദ്ധ്യാപകനുള്ള സംസ്ഥാന ദേശീയ പുരസ്കാരം നേടിയ ജ്യോഗ്രഫി അദ്ധ്യാപകനായ ഡോ. വി. സനൽകുമാറിന്റെ സഹായത്തോടെയാണ് വിദ്യാർത്ഥികൾ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്ത് റവന്യൂ ശാസ്ത്രമേളയിലെത്തിയത്.

ഭൂകമ്പം അറിയുന്നതിനും അതിൽ നിന്ന് രക്ഷനേടാനും മതിയായ സൗകര്യങ്ങൾ ലഭ്യമല്ലെന്ന് കൊച്ചിൻ സർവ്വകലാശാലയിൽ വച്ച് മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം നടത്തിയ പ്രസംഗമാണ് പുത്തൻ കണ്ടുപിടുത്തത്തിലേക്ക് നയിച്ചതെന്ന് ഗോകുൽ എസ്. പറഞ്ഞു. ഓരോ വർഷവും ആയിരക്കണക്കിനാളുകൾ ഭൂകമ്പം മൂലം കെട്ടിടത്തിനടിയിൽപ്പെട്ട് മരിക്കുന്നു. നിലവിലുള്ള ഉപകരണമായ സീസ്മോഗ്രാഫിൽ ഭൂകമ്പത്തിന്റെ തീവ്രത മാത്രമേ രേഖപ്പെടുത്താറുള്ളൂ. സൈസ്മിക് പ്രഡിക്ടറിലൂടെ നിമിഷനേരത്തിനുള്ളിൽ ഭൂകമ്പസാധ്യത മനസ്സിലാക്കി രക്ഷനേടാനാവും.



ദുരിതങ്ങളുണ്ടായാൽ മുന്നറിയിപ്പ് നൽകാനുള്ള സൈസ്മിക് പ്രഡിക്ടറും സ്മാർട്ട് ഹൗസുമായി പുല്ലുവഴി ജയ കേരളം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളായ ഹൊസൈൻ അൻസാരിയും എസ്. ഗോകുലും

**Kerala Kaumudi 2015 November 12 Thursday**



ഹൊസൈൻ അൻസാരിയും എസ്. ഗോകുലും.

# ഭൂകമ്പം വീട്ടിലിരുന്നും അറിയാം

ഭൂകമ്പത്തെക്കുറിച്ചുള്ള മുന്നറിയിപ്പു ജനങ്ങളിലെത്താൻ വൈകുന്നതാണു പലപ്പോഴും അപകടത്തിന്റെ തീവ്രത വർധിക്കാൻ കാരണം. എല്ലാ വീടുകളിലും എളുപ്പത്തിൽ സ്ഥാപിക്കാവുന്ന, ഭൂകമ്പം പ്രവചിക്കുന്ന ഒരു ഉപകരണം ഉണ്ടായിരുന്നെങ്കിലെന്നു നിങ്ങളിൽ ചിലരെങ്കിലും ആഗ്രഹിച്ചിട്ടില്ലേ? അതൊരു അത്യാഗ്രഹമല്ല എന്നു പറയുകയാണ് എറണാകുളം പുല്ലുവഴി ജയകേരളം എച്ച്എസ്എസിലെ ഹൊസൈൻ അൻസാരിയും എസ്. ഗോകുലും. സീസ്മിക് പ്രഡിക്ടർ എന്ന ഉപകരണവുമായെത്തിയ ഈ മിടുക്കന്മാർ ശാസ്ത്രോൽസവത്തിൽ ശ്രദ്ധ നേടി. ചെറുതോ വലുതോ ആയ പ്രകമ്പനങ്ങൾ ഉണ്ടായാലുടൻ വീടിനുള്ളിൽ മുന്നറിയിപ്പു സന്ദേശം ലഭിക്കും, പ്രകമ്പനത്തിന്റെ തീവ്രതയും അറിയാം. ഇലക്ട്രോണിക് വേസ്റ്റിൽ നിന്നാണു സീസ്മിക് പ്രഡിക്ടർ നിർമിക്കുന്നത്. ഉത്തർപ്രദേശിലെ ഗൊരഖ്പുരിൽ നിന്നു വർഷങ്ങൾക്കു മുൻപു കേരളത്തിൽ കുടിയേറിയതാണ് ഹൊസൈൻ അൻസാരിയുടെ കുടുംബം.

**Varthamanan 2015 November 27 Friday**

ഉപകരണം നിർമാണത്തിന് ഉപയോഗിച്ചത് ഇ-വേസ്റ്റ്

# ഭൂകമ്പ മുന്നറിയിപ്പ് നൽകുന്ന സൈസ്മിക് പ്രഡിക്ടർ വികസിപ്പിച്ചെടുത്ത് വിദ്യാർഥികൾ

റഷീദ് മല്ലശേരി

പെരുമ്പാവൂർ: ഭൂകമ്പ മുന്നറിയിപ്പ് വീടുകളിൽ എത്തിക്കാൻ കഴിയുന്ന സൈസ്മിക് പ്രഡിക്ടർ വികസിപ്പിച്ചെടുത്ത് പെരുമ്പാവൂർ ജയകേരളം എച്ച്എസ്എസ് വിദ്യാർഥികൾ. എച്ച്എസ്എസ് കംപ്യൂട്ടർ സയൻസ് രണ്ടാം വർഷ വിദ്യാർഥിയും ഉത്തർപ്രദേശ് ഖൊരക്പൂർ സ്വദേശിയുമായ ഹുസൈൻ അൻസാരിയും സഹപാഠി എസ് ഗോകുലും ചേർന്നാണ് അധ്യാപകന്റെ നിർദേശാനുസരണം ഉപകരണം വികസിപ്പിച്ചെടുത്തത്.

മികച്ച ഹയർ സെക്കൻഡറി അധ്യാപകനുള്ള ദേശീയ- സംസ്ഥാന പുരസ്കാര ജേതാവും ജ്യോഗ്രഫി അധ്യാപകനുമായ ഡോ. വി സനൽകുമാറാണ് ഹുസൈൻ അൻസാരിക്ക് വേണ്ട നിർദേശങ്ങളും പ്രോൽസാഹനവും നൽകിയത്. മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൽ കലാമിന്റെ ഭൂകമ്പ പ്രവചന ഗവേഷണത്തിന്റെ ആവശ്യകതയിലൂന്നിയ പ്രഭാഷണമാണ് ഇത്തരമൊരു ഉപകരണം നിർമിക്കാൻ പ്രചോദനമായതെന്ന് വിദ്യാർഥികൾ പറയുന്നു.

ഭൂകമ്പമോ സുനാമിയോ ഉണ്ടായാൽ ഉടനെ തന്നെ വീടിന് സമീപമോ മണ്ണിനടിയിലോ സ്ഥാപിച്ചിട്ടുള്ള സൈസ്മിക് പ്രഡിക്ടറിൽ നിന്ന് ഇലക്ട്രോണിക് സംവിധാനം വഴി വീടിനകത്തേക്ക് ഭൂകമ്പ മുന്നറിയിപ്പ് സന്ദേശം ലഭിക്കും. പ്രകമ്പനത്തിന്റെ തീവ്രതയനുസരിച്ച് വീട്ടിൽനിന്നും പുറത്തേക്കിറങ്ങി അപകട സാധ്യത ഒഴിവാക്കാം. സൈസ്മിക് പ്രഡിക്ടറിന്റെ ചാർട്ട് പേപ്പറിൽ പ്രകമ്പന തീവ്രത സൂചിപ്പിക്കുന്ന ഗ്രാഫ് ലഭിക്കും. സൈസ്മോഗ്രാഫുമായും ഇതിനെ ബന്ധിപ്പിക്കാം. ഭാവിയിൽ ഏറ്റവും വലിയ വെല്ലുവിളിയായ ഇലക്ട്രോണിക്സ് വേസ്റ്റിൽ നിന്നുമാണ് സൈസ്മിക് പ്രഡിക്ടറിന്റെ 90 ശതമാനം സാമഗ്രികളും സംഘടിപ്പിച്ചത്. ഉപേക്ഷിക്കപ്പെട്ട ട്രാൻസ്ഫോമർ, റെഗുലേറ്റർ, ട്രാൻസിസ്റ്റർ, റെസിസ്റ്റർ, ഹീറ്റ് സിങ്ക്, ഡിസി മോട്ടർ, ബസർപ്ലേറ്റ്, ഇലക്ട്രിക്കൽ വയറുകൾ, എൽഇഡി, ഡയറി എന്നിവ കൊണ്ടാണ് സൈസ്മിക് പ്രഡിക്ടർ നിർമിച്ചത്. ഇതിനെ ഡിജിറ്റലൈസ് ചെയ്ത് ഭൂകമ്പത്തെ ചെറുക്കുംവിധം നിർമിച്ചിട്ടുള്ള സ്മാർട്ട് ഹോമുമായി ബന്ധിപ്പിച്ച് അപായ സൂചന നൽകുവാൻ സാധിക്കുന്നതാണ് ശ്രദ്ധേയമാവുന്നത്.

തുടർച്ചയായി ഭൂകമ്പം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ വീടുകളിൽ 15,000 മുതൽ 25,000 രൂപ ചെലവിൽ സൈസ്മിക് പ്രഡിക്ടർ ഒരുക്കാൻ കഴിയുമെന്ന് വിദ്യാർഥികൾ പറഞ്ഞു.



പ്ലസ്ടു വിദ്യാർഥികൾ നിർമിച്ച സൈസ്മിക് പ്രഡിക്ടറും സ്മാർട്ട് ഹോമും. അധ്യാപകനായ വി സനൽകുമാർ, ഹുസൈൻ അൻസാരി, എസ് ഗോകുൽ സമീപം

**2015 Thejas October 27 Tuesday**



പൂയംകുട്ടി എഴുത്തള ഗുഹയിൽ കണ്ടെത്തിയ ശിലാ ലിഖിതങ്ങൾ



എഴുത്തള ഗുഹയ്ക്ക് മുന്നിൽ പഠനസംഘം

# സ്കൂൾ പഠനയാത്ര: ഗുഹാസങ്കേതത്തിൽ പ്രാചീന ലിപിയും വരകളും കണ്ടെത്തി

പെരുമ്പാവൂർ: പൂയംകുട്ടി വനാന്തരത്തിലെ എഴുത്തള ഗുഹാ സങ്കേതത്തിൽ പ്രാചീന ലിപികൾ കണ്ടെത്തി. പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ ചരിത്രാധ്യാപകനും പ്രാചീന ചരിത്ര ഗവേഷകനുമായ ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ ജയകേരളം സ്കൂളിലെ വിദ്യാർത്ഥികൾ അടങ്ങിയ ചരിത്ര പഠന സംഘമാണ് ഗുഹാസങ്കേതം സന്ദർശിച്ചത്. പ്ലസ്ടു ഹ്യുമാനിറ്റീസ് വിദ്യാർത്ഥികളാണ് സംഘത്തിലുണ്ടായിരുന്നത്.

പ്രാചീന ചരിത്രത്തിലെ മെസോലിത്തിക്, നിയോലിത്തിക് കാലഘട്ടത്തിലെ തമിഴ് ബ്രാഹ്മണ ലിപികളും ശിലാ ചിത്രങ്ങളുമാണ് ഗുഹയിൽ കണ്ടത്. 3.9 മീറ്റർ നീളത്തിൽ ഏഴ് വരികളിലായി 'ബ്രാഹ്മി' ലിപികൾ കൊത്തിവച്ചിട്ടുള്ളത് സംഘം കണ്ടെത്തി.

ജ്യാമിതീയ മാതൃകയിലുള്ള വരകളുമുണ്ട്. മൂർച്ചയേറിയ ആയുധം ഉപയോഗിച്ചാണ് ലിഖിതങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്.

വയനാട് ഇടയ്ക്കൽ ഗുഹയിലും സമാനമായ രേഖകൾ കണ്ടെത്തിയിരുന്നു. ഇവയ്ക്ക് 500 വർഷത്തിന് മേൽ പഴക്കമുണ്ടെന്ന് ഡോ. സനൽകുമാർ പറഞ്ഞു.

സ്കൂളിൽ നിന്നുള്ള പഠനയാത്രയിൽ ബിബിൻ കെ. എൽദോസ്, ആൽബിൻ, അതുൽ ശിവൻ, ജിമ്മി ജോർജ്, ശരത് ശശി, അഭിജിത് സന്തോഷ് എന്നിവരും ഉണ്ടായിരുന്നു.

**Mathrubhoomi, 2016, January 16, Saturday**

# എഴുത്തള ഗുഹാസങ്കേതത്തിൽ ശിലാരേഖാ ചിത്രങ്ങൾ കണ്ടെത്തി

പെരുമ്പാവൂർ • കേരളത്തിന്റെ അതിപ്രാചീന ചരിത്രപഠനത്തിനു പുത്തൻ ദിശാബോധം നൽകുന്ന മധ്യ, നവീന ശിലായുഗങ്ങളിലെ ശിലാരേഖാ ചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപികളും പൂയംകുട്ടി വനാതിർത്തിയിലെ എഴുത്തള ഗുഹാസങ്കേതത്തിൽ നിന്ന് കണ്ടെത്തി.

പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ ജോഗ്രഫി അധ്യാപകനും സംസ്ഥാന, ദേശീയ അധ്യാപക പുരസ്കാര ജേതാവുമായ ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ വിദ്യാർഥികളോടൊപ്പം നടത്തിയ പഠനയാത്രയിലാണു കണ്ടെത്തൽ.

ഏകദേശം ഒൻപതു മീറ്റർ നീളവും 2.90 മീറ്റർ ഉയരവും വലിയ വാവട്ടവുമുള്ള ഗുഹയ്ക്കകത്ത് ഇടതു ഭിത്തിയിലാണ് വയനാട് ഇടയ്ക്കൽ ഗുഹയിലേതിനു സമാനമായ മധ്യശിലായുഗത്തിലെ ശിലാരേഖാചിത്രങ്ങളുള്ളത്. ഇതിനു മുകളിലൂടെയാണ് 3.90 മീറ്റർ നീളത്തിലും രണ്ടു മീറ്റർ വീതിയിലുമായി ഏഴു വരികളുള്ള അതിപ്രാചീന തമിഴ് ബ്രാഹ്മി ലിപി കൊത്തിയിരിക്കുന്നത്.

ജ്യോമിട്രിക് മാതൃകയിലുള്ള വരകളും സൂര്യന്റെയും പ്രകൃതിയുടെയും മനുഷ്യന്റെയും ബന്ധം പ്രതിഫലിപ്പിക്കും വിധമാണു ശിലാരേഖാചിത്രങ്ങൾ മൂർച്ചയേറിയ ആയുധം കൊണ്ട് കൊത്തിവച്ചിട്ടുള്ളത്. വലുപ്പമുള്ള ആയുധം ഉപയോഗിച്ചാണ് പിന്നീട് ഇതിന് മുകളിലൂടെ തമിഴ് ലിപി കൊത്തിവച്ചിട്ടുള്ളത്. ഇതിനു പുറമെ മധ്യശിലായുഗത്തിലെ സൂക്ഷ്മശിലകളും കണ്ടെത്തിയിട്ടുണ്ട്.



പൂയംകുട്ടി വനാതിർത്തിയിലെ എഴുത്തള ഗുഹാസങ്കേതത്തിൽ കണ്ടെത്തിയ ശിലാരേഖകൾ പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകൻ ഡോ: വി. സനൽകുമാർ പരിശോധിക്കുന്നു.

തഞ്ചാവൂർ സർവകലാശാലയിലെ ഡോ. എസ്. സെൽവകുമാർ, ഡോ. എം.ആർ. രാഘവ വാരിയർ, ഡോ.എം.ജി.എസ്. നാരായണൻ എന്നിവർക്കും ലിപിയുടെ പൂർണരൂപം വായിക്കാൻ അയച്ചു കൊടുത്തിട്ടുണ്ടെന്ന് സനൽകുമാർ പറഞ്ഞു.

കേരള സർവകലാശാല ആർക്കിയോളജി ഡിപ്പാർട്ട്മെന്റിന്റെ രാജ്യാന്തര സെമിനാറിൽ ഈ കണ്ടെത്തലുകൾ അവതരിപ്പിച്ചിരുന്നു. ബിബിൻ കെ. എൽദോസ്, ആൽബിൻ കെ. എൽദോസ്, അതുൽ ശിവൻ, ജിമ്മി ജോർജ്, ശരത് ശശി, അഭിജിത്ത് സന്തോഷ് എന്നിവർ പഠനയാത്രയിൽ പങ്കെടുത്തു.

**Malayala Manorama, 2016 January 22 Friday**

### ചരിത്ര പഠനത്തിന് പുത്തൻ ദിശാബോധം

# എഴുത്തള ഗുഹയിൽ റോക്ക് ആർട്ട്സും തമിഴ് ബ്രാഹ്മി ലിപികളും കണ്ടെത്തി

പെരുമ്പാവൂർ: കേരളത്തിന്റെ അതിപ്രാചീന ചരിത്ര പഠനത്തിന് പുത്തൻ ദിശാബോധം നൽകുന്ന മെസോലിത്തിക്, നിയോലിത്തിക് കാലഘട്ടങ്ങളിലെ റോക്ക് ആർട്ട്സും തമിഴ് ബ്രാഹ്മി ലിപികളും പൂയംകുട്ടി വനാതിർത്തിയിലെ എഴുത്തള ഗുഹാസങ്കേതത്തിൽ നിന്ന് കണ്ടെത്തി.

പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന പുല്ലുവഴി ജയകേരളം ഹയർ സെക്കന്ററി സ്കൂളിലെ ജോഗ്രഫി അധ്യാപകനും സംസ്ഥാന-ദേശീയ അധ്യാപകപുരസ്കാരങ്ങൾ നേടിയിട്ടുള്ള ഡോ.വി. സനൽകുമാറിന്റെ നേതൃത്വത്തിൽ പ്ലസ്ടു ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികളോടൊപ്പം നടത്തിയ ഫീൽഡ് ട്രിപ്പിലാണ് ഈ അത്യപൂർവ്വ നേട്ടം കണ്ടെത്തിയത്. ഏകദേശം ഒമ്പത് മീറ്റർ നീളവും 2.90 മീറ്റർ ഉയരവും വലിയ വാവട്ടവുമുള്ള ഗുഹക്കകത്ത് ഇടതു ഭിത്തിയിലാണ് വളത്. റോക്ക് ആർട്ടിന്റെ മുകളിലൂടെയാണ് 3.90 മീറ്റർ നീളത്തിലും രണ്ട് മീറ്റർ വീതിയിലുമായി ഏഴ് വരികളുള്ള അതിപ്രാചീന തമിഴ് ബ്രാഹ്മി ലിപി കൊത്തിവച്ചിട്ടുള്ളത്.

ജ്യാമെട്രിക് മാതൃകയിലുള്ള വരകളും, സൂര്യന്റെയും, പ്രകൃതിയുടെയും മനുഷ്യബന്ധം പ്രതിഫലിപ്പിക്കും വിധമാണ് ശിലാരേഖാചിത്രങ്ങൾ മൂർച്ചയേറിയ ആയുധം കൊണ്ട് കൊത്തിവച്ചിട്ടുള്ളത്. വലുപ്പമുള്ള ആയുധം ഉപയോഗിച്ചാണ് പിന്നീട് റോക്ക് ആർട്ടിന്റെ മുകളിലൂടെ തമിഴ് ബ്രാഹ്മി ലിപി കൊത്തിവച്ചിട്ടുള്ളത്. ഇതിനുപുറമെ ഇവിടെ നിന്ന് മെസോലിത്ത് കാലഘട്ടത്തെ മൈക്രോലിത്തുകളും കപ്സ്യൂളുകളും കണ്ടെത്തിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന പുരാവസ്തു വകുപ്പിനും റോക്ക് ആർട്ടിലും പ്രാചീന ലിപിയിലും പ്രാഗൽഭ്യം തെളിയിച്ച തഞ്ചാവൂർ സർവ്വകലാശാലയി



എഴുത്തള ഗുഹയിൽ കണ്ടെത്തിയ റോക്ക് ആർട്ട്സും തമിഴ് ബ്രാഹ്മി ലിപികളും

യണൻ എന്നിവർക്കും ലിപിയുടെ പൂർണ്ണരൂപം വായിക്കാൻ അയച്ചുകൊടുത്തിട്ടുണ്ടെന്ന് സനൽകുമാർ പറഞ്ഞു. കേരള സർവ്വകലാശാല ആർക്കിയോ

രാഷ്ട്ര സെമിനാറിൽ സനൽകുമാർ ഈ കണ്ടെത്തലുകൾ അവതരിപ്പിച്ചിരുന്നു. പഠനയാത്രയിൽ ബിബിൻ.കെ.എൽദോസ്, ആൽബിൻ.കെ.എൽദോസ്,

**Chandrika, 15 Friday 2016**

# മഹാശിലായുഗത്തിലെ കരിങ്കൽ നിർമിത ശവക്കല്ലറകൾ കണ്ടെത്തി

പെരുമ്പാവൂർ: ജില്ലയിൽ പെരിയാറിന്റെ തീരങ്ങളിൽ മൂവായിരത്തോളം വർഷം പഴക്കമുള്ള മഹാശിലായുഗ കാലത്തെ നിരവധി കരിങ്കൽ നിർമിത ശവക്കല്ലറകൾ നാശോന്മുഖമായ രീതിയിൽ കണ്ടെത്തി. പൂയംകുട്ടി വനമേഖലയിലെ പ്രാചീന ശിലാരേഖാചിത്രങ്ങളും ലിപിയും ഉള്ള എഴുത്തള ഗുഹാസങ്കേതത്തിന്റെ താഴ്വാരത്തും വനാന്തരങ്ങളിലും കാലടി പ്ലാന്റേഷൻ, മുക്കന്നൂർ-മഞ്ഞപ്ര എന്നിവിടങ്ങളിലുമാണ് എറണാകുളം ജില്ലയിൽ അപൂർവതയിൽ കാണപ്പെടുന്ന ഡോൾമെനോയ്ഡ്, സ്ലാബ് സിസ്റ്റ് വിഭാഗത്തിൽ ഉൾപ്പെട്ട ശവക്കല്ലറകൾ ജീർണാവസ്ഥയിൽ കണ്ടെത്തിയത്.

പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ ഈ പ്രദേശങ്ങളിൽ നടത്തിയ പഠനപ്രവർത്തനത്തിലാണ് 10 ലധികം കല്ലറകൾ പൊളിച്ച നിലയിൽ കണ്ടെത്തിയത്. ഇത്തരം കല്ലറകൾക്കകത്ത് വിലപിടിപ്പുള്ള സാമഗ്രികൾ നിക്ഷേപിച്ചിട്ടുണ്ടാകുമെന്ന വിശ്വാസമാണ് അവ തുറന്നു നോക്കാനുള്ള ഉൾപ്രേരണ സമീപവാസികളിൽ ഉണ്ടാകുന്നത് എന്ന് സനൽകുമാർ പറഞ്ഞു. ദേശീയ-സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഡോ. വി. സനൽകുമാർ പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂൾ അധ്യാപകനാണ്.



പെരിയാർ തീരത്ത് കണ്ടെത്തിയ കരിങ്കൽ നിർമിത ശവക്കല്ലറ.

ഇത്തരം കല്ലറകൾക്കകത്ത് വിവിധ ആകൃതിയിലും വലുപ്പത്തിലുമുള്ള ചുട്ടെടുത്ത മൺപാത്രങ്ങൾ ജാറുകൾ, ഇരുമ്പായുധങ്ങളായ മഴു,വാൾ,കുന്തമുനകൾ, കാർണീലിയൻ, മുത്തുമണികൾ, എല്ലിൻ കഷണങ്ങൾ എന്നിവയുടെ സാന്നിധ്യമാണ് കണ്ടുവരാറുള്ളത്.

അടക്കം ചെയ്യപ്പെട്ടവർക്ക് പരലോകജീവിതത്തിൽ ഭക്ഷണത്തിനു കുറവു വരാതിരിക്കാൻ മൺകലശങ്ങളിൽ ധാന്യങ്ങൾ നിറച്ചാണ് മഹാശിലായുഗകാലത്തിൽ ശവസംസ്കാര ചടങ്ങ് നടത്തിയിരുന്നത്. കരിങ്കൽ പാറ പ്രദേശങ്ങളിൽ നിന്ന് ചതുരാകൃതിയിലും, വൃത്താകൃതിയിലും മറ്റും കരിങ്കൽ സ്ലാബുകൾ വെട്ടിയെടുത്ത് ചെറുതും വലുതുമായ അറകൾ തീർത്താണ് ഇത്തരം കല്ലറകൾ നിർമിച്ചിട്ടുള്ളത്. ബി.സി. 1000 മുതൽ എ.ഡി 300 വരെയാണ് ഇത്തരം ശവസംസ്കാര രീതി ദക്ഷിണേന്ത്യയിൽ പ്രബലമായിരുന്നതായി സംഘകാല കൃതികളിലും റേഡിയോ കാർബൺ ഡേറ്റിങ് പരീക്ഷണത്തിലൂടെയും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

ജില്ലയിൽ പെരുമ്പാവൂർ, ഒക്കൽ, പൂപ്പാനി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നു കണ്ടെത്തിയ മഹാശിലായുഗ സ്മാരകങ്ങൾ എല്ലാം വലിയ മൺകലശങ്ങളടങ്ങിയ നന്നങ്ങാടികളുടെ വിഭാഗത്തിൽപ്പെട്ടവയായിരുന്നു. കരിങ്കൽ പാറകളുടെ ലഭ്യത ശവസംസ്കാര രീതിയിൽ സ്വാധീനം ചെലുത്തിയിട്ടുള്ളതുകൊണ്ടാവാം കരിങ്കൽ നിർമിത ഡോൾമെനോയ്ഡ്, സ്ലാബ് സിസ്റ്റുകളുടെയും, മെൻഹിറുകളുടെയും നന്നങ്ങാടികളുടെയും വകഭേദങ്ങൾ ഉണ്ടാവാൻ കാരണം.

ഇവിടെ കണ്ടെത്തിയ കല്ലറകൾ സംരക്ഷിച്ചില്ലെങ്കിൽ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള മഹാശിലായുഗ സ്മാരകങ്ങൾ എല്ലാം തന്നെ വിസ്മൃതിയിലാകുമെന്നും സനൽകുമാർ പറഞ്ഞു.

**Deepika, 2016, February 17 Wenesday**

# ചരിത്രശേഷിപ്പുകൾ

## • അപൂർവരീതിയിൽ കാണപ്പെടുന്ന ശവകല്ലറകൾ ജീർണാവസ്ഥയിൽ

പെരുമ്പാവൂർ • ജില്ലയുടെ വടക്ക് പെരിയാർ പോഷകനദീതടങ്ങളിൽ മൂവായിരത്തോളം വർഷം പഴക്കമുള്ള മഹാശിലായുഗകാലത്തെ നിരവധി കരിങ്കൽ നിർമിത ശവക്കല്ലറകൾ നാശത്തിന്റെ വക്കിൽ.

പൂയ്യംകുട്ടി വനമേഖലയിലെ പ്രാചീന ശിലാരേഖാചിത്രങ്ങളും ലിപിയും ഉള്ള എഴുത്തള ഗുഹാസങ്കേതത്തിന്റെ താഴ്‌വാരത്തിലും വനാന്തരങ്ങളിലും കാലടി പ്ലാന്റേഷൻ, മുക്കന്നൂർ, മഞ്ഞപ്ര എന്നിവിടങ്ങളിലുമാണ് അപൂർവരീതിയിൽ കാണപ്പെടുന്ന ഡോൾമനോയ്ഡ് സ്ലാബ് സിസ്റ്റ് വിഭാഗത്തിലെ ശവകല്ലറകൾ ജീർണാവസ്ഥയിലുള്ളത്.


പൂയംകുട്ടി വനമേഖലയിൽ തകർക്കപ്പെട്ട നിലയിൽ പ്രാചീന ശവക്കല്ലറകൾ.

പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന ദേശീയ സംസ്ഥാന അധ്യാപക പുരസ്കാര ജേതാവ് പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ ഈ പ്രദേശങ്ങളിൽ നടത്തിയ പഠനത്തിലാണ് പത്തിലധികം കല്ലറകൾ പൊളിച്ച നിലയിൽ കണ്ടെത്തിയത്.

ഇത്തരം കല്ലറകൾക്കുള്ളിൽ വിലപിടിപ്പുള്ള സാമഗ്രികൾ നിക്ഷേപിച്ചിട്ടുണ്ടാകുമെന്ന വിശ്വാസമാണ് അവ തുറന്നു നോക്കാനുള്ള ഉൾപ്രേരണ സമീപവാസികളിൽ ഉണ്ടാകുന്നതെന്നു സനൽകുമാർ പറഞ്ഞു.

ഇത്തരം കല്ലറകൾക്കകത്ത് വിവിധ ആകൃതിയിലും വലുപ്പത്തിലുമുള്ള ചുട്ടെടുത്ത മൺപാത്രങ്ങൾ, ജാറുകൾ, ഇരുമ്പായുധങ്ങളായ മഴു, വാൾ, കുന്തമുനകൾ, എല്ലിൻ കഷണങ്ങൾ എന്നിവയുടെ സാന്നിധ്യമുണ്ടാകാറുണ്ട്.

പരേതാത്മാവിനു പരലോക ജീവിതത്തിൽ ഭക്ഷണത്തിനു കുറവുണ്ടാകരുതെന്ന വിശ്വാസത്തോടെ മൺകലങ്ങളിൽ ധാന്യങ്ങൾ നിറച്ചാണു മഹാശിലായുഗ കാലത്തിൽ ശവസംസ്കാരം നടത്തിയിരുന്നത്.

കരിങ്കൽ പാറ പ്രദേശങ്ങളിൽ നിന്ന് ചതുരാകൃതിയിലും വൃത്താകൃതിയിലും മറ്റും കരിങ്കൽ സ്ലാബുകൾ വെട്ടിയെടുത്ത് ചെറുതും വലുതുമായ അറകൾ തീർത്താണു കല്ലറകൾ നിർമിച്ചിട്ടുള്ളത്.

ബിസി 1000 മുതൽ എഡി 300 വരെയാണ് ഇത്തരം ശവസംസ്കാര രീതി ദക്ഷിണേന്ത്യയിൽ പ്രബലമായിരുന്നതിന് സംഘകാലകൃതികളിൽ തെളിവുണ്ട്. റേഡിയോ കാർബൺ ഡേറ്റിങ് പരീക്ഷണത്തിലൂടെയും ഇത് തെളിയിക്കപ്പെട്ടിട്ടുണ്ട്.

പെരുമ്പാവൂർ ഒക്കൽ, പൂപ്പാനി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നു കണ്ടെത്തിയ മഹാശിലായുഗസ്മാരകങ്ങൾ എല്ലാം വലിയ മൺകലശങ്ങളടങ്ങിയ നന്നങ്ങാടികളുടെ വിഭാഗത്തിൽ പെട്ടവയായിരുന്നു.

കരിങ്കൽ പാറകളുടെ ലഭ്യത ശവസംസ്കാര രീതിയിൽ സ്വാധീനം ചെലുത്തിയിട്ടുള്ളതുകൊണ്ടാവാം കരിങ്കൽ നിർമിത ഡോൾമെനോയ്ഡ് സ്ലാബ് സിസ്റ്റുകളുടെയും നന്നാങ്ങാടികളുടെയും വകഭേദങ്ങൾ ഉണ്ടാവാൻ കാരണം.

ഇവിടെ കണ്ടെത്തിയ കല്ലറകൾ സംരക്ഷിച്ചില്ലെങ്കിൽ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള മഹാശിലായുഗ സ്മാരകങ്ങൾ എല്ലാം തന്നെ വിസ്മൃതിയിലാകുമെന്ന് അദ്ദേഹം പറഞ്ഞു.

**Malayala Manorama , 2016, February 19, Friday**

# മഹാശിലായുഗത്തിലെ ശവക്കല്ലറകൾ 'ഭാഗ്യാന്വേഷികൾ' തകർത്ത നിലയിൽ

പെരുമ്പാവൂർ> മഹാശിലായുഗ കാലഘട്ടത്തിലെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശവക്കല്ലറകൾ തകർക്കത്ത നിലയിൽ കണ്ടെത്തി. പൂയംകുട്ടി വനമേഖലയിലെ എഴുത്തള ഗുഹാസങ്കേതത്തിന്റെ താഴ്‌വാരത്തും കാലടി പ്ലാന്റേഷൻ മുക്കന്നൂർ, മഞ്ഞപ്ര പ്രദേശങ്ങളിലുമാണ് തകർക്കത്ത നിലയിൽ പത്തോളം ശവക്കല്ലറകൾ കണ്ടെത്തിയത്.

ദേശീയ അധ്യാപക പുരസ്കാര ജേതാവും പ്രാചീന ചരിത്രഗവേഷകനുമായ പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ ഡോ. വി സനൽകുമാറാണ് ശവക്കല്ലറകൾ തിരിച്ചറിഞ്ഞത്. ശവക്കല്ലറകൾ നിധിതേടിയവരാകാം തകർത്തതെന്ന് അനുമാനിക്കുന്നു. ഇത്തരം കല്ലറകളിൽ ധാന്യംനിറച്ച മൺകലങ്ങൾ, ചുട്ടെടുത്ത മൺപാത്രം, മഴു, വാൾ, കുന്തമുനകൾ, മുത്തുമണികൾ, എല്ലിൻകഷണങ്ങൾ എന്നിവ നിക്ഷേപിച്ചിട്ടുള്ളതായി കാണാറുണ്ട്. പരേതാത്മാവിന് പരലോകത്തിൽ ഉപയോഗിക്കാനാണെന്നാണ് വിശ്വാസം. ബിസി 1000 മുതൽ എഡി 300 വരെ ഉത്തരം ശവസംസ്കാര രീതി ദക്ഷിണേന്ത്യയിൽ പ്രബലമായിരുന്നു.

മഹാശിലായുഗ സംസ്കൃതിയുടെ തിരുശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടവയാണെന്ന് ഡോ. സനൽകുമാർ പറഞ്ഞു.



► പൂയംകുട്ടി വനമേഖലയിൽ കണ്ടെത്തിയ ശവക്കല്ലറ. സമീപം ഡോ. വി സനൽകുമാർ.

**Deshabhimani, 2016, February 20, Saturday**

# 5000 വർഷം പഴക്കമുള്ള റോക്ക് ആർട്ടും തമിഴ് ബ്രാഹ്മി ലിപിയും കണ്ടെത്തി

## കണ്ടെത്തിയത് എഴുത്തള ഗുഹാസങ്കേതത്തിൽ നിന്ന്

പെരുമ്പാവൂർ: കേരളത്തിന്റെ അതിപ്രാചീന ചരിത്ര പഠനത്തിന് പുത്തൻ ദിശാബോധം നൽകുന്ന മെസോലിത്തിക്, നിയോലിത്തിക്, കാലഘട്ടങ്ങളിലെ റോക്ക് ആർട്ട്സും തമിഴ് ബ്രാഹ്മി ലിപികളും പൂയംകുട്ടി വനാതിർത്തിയിലെ എഴുത്തള ഗുഹാസങ്കേതത്തിൽ നിന്ന് കണ്ടെത്തി.



▪ പൂയംകുട്ടി വനാതിർത്തിയിലെ എഴുത്തള ഗുഹാസങ്കേതത്തിൽ ശിലാ ലിഖിതങ്ങൾ ഡോ. വി സനൽകുമാർ പരിശോധിക്കുന്നു.

സംസ്ഥാന-ദേശീയ അധ്യാപക പുരസ്കാരങ്ങൾ നേടിയിട്ടുള്ള പ്രാചീനചരിത്ര ഗവേഷകനും പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ ജോഗ്രഫി അധ്യാപകനുമായ ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ പ്ലസ്ടു ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികളോടൊപ്പം നടത്തിയ ഫീൽഡ് ട്രിപ്പിലാണ് കണ്ടെത്തൽ. ഏകദേശം 9 മീറ്റർ നീളവും 2.90 മീറ്റർ ഉയരവും വലിയ വാവട്ടവുമുള്ള ഗുഹക്കകത്ത് ഇടതു ഭിത്തിയിലാണ് വയനാട് ഇടക്കൽ ഗുഹയിലേതിനു സമാനമായ മെസോലിത്തിക് കാലത്തെ റോക്ക് ആർട്ട് ഉള്ളത്. റോക്ക് ആർട്ടിന്റെ മുകളിലൂടെയാണ് 3.90 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലുമായി 7 വരികളുള്ള അതിപ്രാചീന തമിഴ് ബ്രാഹ്മി ലിപി കൊത്തിവച്ചിട്ടുള്ളത്.

ജ്യോമെട്രിക് മാതൃകയിലുള്ള വരകളും, സൂര്യന്റെയും പ്രകൃതിയുടെയും മനുഷ്യബന്ധം പ്രതിഫലിപ്പിക്കും വിധമാണ് ശിലാരേഖാചിത്രങ്ങൾ മൂർച്ചയേറിയ ആയുധം കൊണ്ട് കൊത്തിവച്ചിട്ടുള്ളത്. വലുപ്പമുള്ള ആയുധം ഉപയോഗിച്ചാണ് പിന്നീട് റോക്ക് ആർട്ടിന്റെ മുകളിലൂടെ തമിഴ് ബ്രാഹ്മി ലിപി കൊത്തിവച്ചിട്ടുള്ളത്. ഇതിനുപുറമെ ഇവിടെ നിന്ന് മെസോലിത്ത് കാലഘട്ടത്തെ മൈക്രോലിത്തുകളും കപ്സ്യൂളുകളും കണ്ടെത്തിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന പുരാവസ്തു വകുപ്പിനും റോക്ക് ആർട്ടിലും പ്രാചീന ലിപിയിലും പ്രാഗത്ഭ്യം തെളിയിച്ച തഞ്ചാവൂർ സർവകലാശാലയിലെ ഡോ.എസ്. സെൽവകുമാർ, ഡോ. എം.ആർ.രാഘവ വാരിയർ, ഡോ. എം.ജി.എസ്. നാരായണൻ എന്നിവർക്കും ലിപിയുടെ പൂർണ്ണരൂപം വായിക്കാൻ അയച്ചുകൊടുത്തിട്ടുണ്ടെന്ന് സനൽകുമാർ പറഞ്ഞു. പഠനയാത്രയിൽ ബിബിൻ കെ. എൽദോസ്, ആൽബിൻ കെ. എൽദോസ്, അതുൽ ശിവൻ, ജിൻസി ജോർജ്, ശരത് ശശി, അഭിജിത് സന്തോഷ് എന്നിവരും ഉണ്ടായിരുന്നു

**Mangalam 2016 January 15 Friday**

# ശിലാചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപികളും കണ്ടെത്തി

പെരുമ്പാവൂർ: കേരളത്തിന്റെ അതിപ്രാചീന ചരിത്ര പഠനത്തിനു പുത്തൻ ദിശാബോധം നൽകുന്ന മെസോലിത്തിക്, നിയോലിത്തിക് കാലഘട്ടങ്ങളിലെ ശിലാചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപികളും പൂയംകുട്ടി വനാതിർത്തിയിലെ എഴുത്തള ഗുഹാസങ്കേതത്തിൽനിന്ന് കണ്ടെത്തി.

പ്രാചീനചരിത്രത്തിൽ ഗവേഷണം നടത്തുന്ന പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ ജോഗ്രഫി അധ്യാപകനായ സംസ്ഥാന–ദേശീയ അ
...ാപക പുരസ്കാരജേതാവ്
...വി സനൽകുമാറിന്റെ നേ
...ൽ പ്ലസ്ടു ഹ്യൂമാനിറ്റീ
...ികളോടൊപ്പം നട
...ിപ്പിലാണ് ഈ
...ണ്ടെത്തിയ
...മീറ്റർ നീള
...വലിയ
...കത്ത് ഇ
...നാട് ഇ
...നു സമാന




എഴുത്തള ഗുഹയിൽ കണ്ടെത്തിയ ശിലാചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപികളും

മായ മെസോലിത്തിക് കാലത്തെ ശിലാചിത്രമുള്ളത്. സൂര്യന്റെയും, പ്രകൃതിയുടെയും മനുഷ്യബന്ധം പ്രതിഫലിപ്പിക്കും വിധമാണ് ശിലാരേഖാചിത്രങ്ങൾ മൂർച്ചയേറിയ ആയുധം കൊണ്ട് കൊത്തിവച്ചിട്ടുള്ളത്. ജ്യോമെട്രിക് മാതൃകയിലുള്ള വരകാണുള്ളത്. ഇതിനുപുറമെ ഇവിടെനിന്ന് മെസോലിത്തിക് കാലഘട്ടത്തെ മൈക്രോലിത്തുകളും കാപ്സ്യൂളുകളും കണ്ടെത്തിയിട്ടുണ്ട്.

കേന്ദ്ര–സംസ്ഥാന പുരാവസ്തു വകുപ്പിനും റോക്ക് ആർട്ടിലും പ്രാചീന ലിപിയിലും പ്രാഗൽഭ്യം തെളിയിച്ച തഞ്ചാവൂർ സർവകലാശാലയിലെ ഡോ. എസ് സെൽവകുമാർ, ഡോ. എം ആർ രാഘവ വാരിയർ, ഡോ. എം ജി എസ് നാരായണൻ എന്നിവർക്കും ലിപിയുടെ പൂർണരൂപം വായിക്കാൻ അയച്ചുകൊടുത്തിട്ടുണ്ടെന്ന് സനൽകുമാർ പറഞ്ഞു. പഠനയാത്രയിൽ ബിബിൻ കെ എൽദോസ്, ആൽബിൻ കെ എൽദോസ്, അതുൽ ശിവൻ, ജിമ്മി ജോർജ്, ശരത് ശശി, അഭിജിത് സന്തോഷ് സംബന്ധിച്ചു.

**Thejas 15 January 2016, Friday**




▶ പുയംകുട്ടി എഴുത്തള ഗുഹാസങ്കേതത്തിൽ കണ്ടെത്തിയ 5000 വർഷം പഴക്കമുള്ള ശിലാചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപിയും

# എഴുത്തള ഗുഹാസങ്കേതത്തിൽ പ്രാചീന ശിലാചിത്രങ്ങളും ബ്രാഹ്മി ലിപിയും കണ്ടെത്തി

പെരുമ്പാവൂർ > പുയംകുട്ടി എഴുത്തള ഗുഹാസങ്കേതത്തിൽനിന്ന് 5000 വർഷം പഴക്കമുള്ള ശിലാചിത്രങ്ങളും (റോക്ക് ആർട്ട്) തമിഴ് ബ്രാഹ്മി ലിപിയും കണ്ടെത്തി. പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ ജ്യോഗ്രഫി അധ്യാപകൻ ഡോ. വി സനൽകുമാറും പ്ലസ്ടു ഹ്യൂമാനിറ്റീസ് വിദ്യാർഥികളും നടത്തിയ ഫീൽഡ് ട്രിപ്പിലാണ് ഇവ കണ്ടെത്തിയത്. ഏകദേശം 8 സതുമീറ്റർ നീളവും 2.90 മീറ്റർ ഉയരവും വലിയ വരാന്തയുമുള്ള ഗുഹയ്ക്കകത്ത് ഇടതുഭിത്തിയിലാണ് മെസോലിത്തിക് കാലത്തെ റോക്ക് ആർട്ട്. ഇതിനുമുകളിലായി 1.90 മീറ്റർ നീളത്തിലും രണ്ടുമീറ്റർ വീതിയിലുമായി ഏഴു വരികളുള്ള പ്രാചീന തമിഴ് ബ്രാഹ്മി ലിപിയും കൊത്തിയിട്ടുണ്ട്.

വയനാട് ഇടയ്ക്കൽ ഗുഹയിലേതിനു സമാനമാണ് കണ്ടെത്തലുകൾ. കേന്ദ്ര–സംസ്ഥാന പുരാവസ്തുവകുപ്പിനും ചരിത്രഗവേഷകരായ തഞ്ചാവൂർ സർവകലാശാലയിലെ ഡോ. എസ് സെൽവകുമാർ, ഡോ. എം ആർ രാഘവവാര്യർ, ഡോ. എം ജി എസ് നാരായണൻ എന്നിവർക്കും ലിപിയുടെ രൂപം അയച്ചുകൊടുത്തിട്ടുണ്ട്. സൂര്യന്റെയും പ്രകൃതിയുടെയും മനുഷ്യബന്ധങ്ങൾ പ്രതിഫലിപ്പിക്കുന്നതാണ് രേഖാചിത്രങ്ങൾ. മൂർച്ചയേറിയ വലിയ ആയുധങ്ങൾകൊണ്ടാണ് ചിത്രങ്ങളും ലിപികളും കൊത്തിവച്ചിട്ടുള്ളതെന്നാണ് അനുമാനം. പഠനയാത്രയിൽ ബിബിൻ കെ എൽദോസ്, ആൽബിൻ കെ എൽദോസ്, അതുൽശിവൻ, ജിമ്മി ജോർജ്, ശരത് ശശി, അഭിജിത് സന്തോഷ് എന്നീ വിദ്യാർഥികളുമുണ്ടായി.

**Deshabhimani January 16 Saturday**



കാരിക്കോട് ശ്രീകൃഷ്ണക്ഷേത്രത്തിലെ പ്രാചീന ശിലാലിഖിതത്തിനടുത്ത് ഡോ. വി സനൽകുമാർ

# കാരിക്കോട് ക്ഷേത്രത്തിൽ ശിലാലിഖിതം കണ്ടെത്തി

പെരുമ്പാവൂർ: ഒക്കലിനുസമീപം ജീർണാവസ്ഥയിലുള്ള കാരിക്കോട് ശ്രീകൃഷ്ണക്ഷേത്രത്തിൽ വട്ടെഴുത്തിലുള്ള പ്രാചീന ശിലാലിഖിതം കണ്ടെത്തി. വൃത്താകൃതിയിലുള്ള കരിങ്കൽ ക്ഷേത്ര അധിഷ്ഠാനത്തിന്റെ കുമുദത്തിലാണ് മൂന്നുവരികളിലായി 30 അക്ഷരങ്ങളുള്ള വട്ടെഴുത്തുലിപി ആലേഖനംചെയ്തിട്ടുള്ളത്.

ദേശീയ അധ്യാപക പുരസ്കാരജേതാവും പ്രാചീനചരിത്രത്തിൽ ഗവേഷകനുമായ പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ ഡോ. വി സനൽകുമാറാണ് വട്ടെഴുത്തുലിപി തിരിച്ചറിഞ്ഞത്. പ്രമുഖ ചരിത്രപണ്ഡിതനായ തൃപ്പൂണിത്തുറ ഹിൽപ്പാലസ് ഡയറക്ടർ ഡോ. എം ജി എസ് നാരായണന് ലിപിയുടെ പകർപ്പ് വായിക്കാൻ അയച്ചുകൊടുത്തിട്ടുണ്ട്. ശാസ്ത്രീയമായി എക്സ്റ്റാമ്പേജ് ചെയ്യാൻ എം ജി എസ് നാരായണൻ ഉടൻ സ്ഥലം സന്ദർശിക്കുമെന്ന് സനൽകുമാർ അറിയിച്ചു.

പ്രാചീന തമിഴകത്ത് ഏഴാംനൂറ്റാണ്ടിനുശേഷം നിലനിന്നിരുന്ന വട്ടെഴുത്തുലിപിയുടെ ഭാഷ പ്രാചീന തമിഴാണ്. എഡി 800നും 1400നും മധ്യേയാണ് വട്ടെഴുത്തുലിപി കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നത്. രാജഭരണാധികാരികളുടെ അനുശാസനങ്ങൾ, ക്ഷേത്രപുനരുദ്ധാരണം, നിത്യവിളക്കിനുള്ള വഴിപാട് എന്നിവയാണ് പൊതുവെ ലിഖിതശാസനങ്ങളിലെ ഉള്ളടക്കം.

പാലക്കാട് ജില്ലയിൽ പതിനഞ്ചോളം വട്ടെഴുത്തു ശിലാലിഖിതങ്ങളും തമിഴ്, തെലുങ്ക് ലിപികളും സനൽകുമാർ അടുത്തിടെ കണ്ടെത്തിയിട്ടുണ്ട്. കാരിക്കൽ ശ്രീകൃഷ്ണക്ഷേത്രം വിവിധ കാലഘട്ടത്തിൽ പുനരുദ്ധരിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ സമീപപ്രദേശങ്ങളിലെ ചരിത്രാവശിഷ്ടങ്ങളിൽനിന്ന് ദൃശ്യമാണെന്ന് സനൽകുമാർ പറഞ്ഞു. എന്നാൽ, പല പ്രധാന ക്ഷേത്രാവശിഷ്ടങ്ങളും കാണാതായിട്ടുണ്ട്.

ഒരുകാലത്ത് തകർക്കപ്പെടുകയോ കത്തിനശിക്കുകയോചെയ്ത ക്ഷേത്രം പിന്നീട് പുതുക്കിപ്പണിതതാണെന്ന് പഴമക്കാർ പറയുന്നു. ബ്രാഹ്മണിസത്തിന്റെ തകർച്ചയിൽ മറ്റു മതവിഭാഗങ്ങളിലേക്കുള്ള ജനങ്ങളുടെ കൂട്ട മതപരിവർത്തനങ്ങളും ക്ഷേത്രത്തിന്റെ ജീർണാവസ്ഥയ്ക്ക് കാരണമാണ്. കൂടൽമാണിക്യക്ഷേത്ര ഊരായ്മയിൽപ്പെട്ട കിടങ്ങശേരി തരണനെല്ലൂർ ഊരായ്മയിലുള്ളതാണ് ഈ ക്ഷേത്രം.

**Deshabimani 2013 December 12 Thursday**





എഴുത്തള ഗുഹാ സങ്കേതത്തിൽ കണ്ടെത്തിയ ചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപിയും ഡോ. വി. സനൽകുമാർ പരിശോധിക്കുന്നു 2. പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ പഠനസംഘം ഗുഹക്കുമുന്നിൽ

# എഴുത്തളയിൽ ഗുഹാചിത്രങ്ങളും ബ്രാഹ്മി ലിപിയും കണ്ടെത്തി

● വയനാട് എടക്കൽ ഗുഹയിലേതിന് സമാനമായ ചിത്രങ്ങളാണ് കണ്ടെത്തിയത്

പെരുമ്പാവൂർ: [illegible] എഴുത്തള ഗുഹാസങ്കേതത്തിൽനിന്ന് ഗുഹാചിത്രങ്ങളും തമിഴ് ബ്രാഹ്മി ലിപികളും കണ്ടെത്തി. പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിലെ ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ [illegible]

[illegible]

ഏകദേശം ഒമ്പത് മീറ്റർ നീളവും 2.90 മീറ്റർ ഉയരവും [illegible]

[illegible]



# എഴുത്തള ഗുഹാസങ്കേതത്തിൽ റോക്ക് ആർട്ടും തമിഴ് ബ്രാഹ്മി ലിപിയും കണ്ടെത്തി

## ■5000 വർഷം പഴക്കമെന്ന്

പെരുമ്പാവൂർ: കേരളത്തിന്റെ അതിപ്രാചീന ചരിത്ര പഠനത്തിന് പുത്തൻ ദിശാബോധം നൽകുന്ന മെസോലിത്തിക്, നിയോലിത്തിക് കാലഘട്ടങ്ങളിലെ റോക്ക് ആർട്ടും തമിഴ് ബ്രാഹ്മി ലിപികളും പൂയംകുട്ടി വനാന്തർഭാഗത്തിലെ എഴുത്തളഗുഹാസങ്കേതത്തിൽനിന്ന് കണ്ടെത്തി.

പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ ജോഗ്രഫി അധ്യാപകനും സംസ്ഥാന-ദേശീയ അധ്യാപക പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഡോ. വി. സനൽകുമാറിന്റെ നേതൃത്വത്തിൽ പ്ലസ്ടു ഹ്യുമാനിറ്റിസ് വിദ്യാർത്ഥികളോടൊപ്പം നടത്തിയ ഫീൽഡ് ട്രിപ്പിലാണ് ഈ അത്യപൂർവ്വനേട്ടം കൈവന്നത്. ഏകദേശം 9 മീറ്റർ നീളവും 2.90 മീറ്റർ ഉയരവും വലിയ വരാന്തയുമുള്ള ഗുഹയ്ക്കകത്ത് ഇടതുഭിത്തിയിലാണ് വയനാട് എടക്കൽ ഗുഹയിലേതിനു സമാനമായ മെസോലിത്തിക് കാലത്തെ റോക്ക് ആർട്ട് ഉള്ളത്. റോക്ക് ആർട്ടിന്റെ മുകളിലൂടെയാണ് 3.90 മീറ്റർ നീളവും 2 മീറ്റർ വീതിയിലുമായി 7 വരികളുള്ള അതിപ്രാചീന തമിഴ് ബ്രാഹ്മി ലിപി കൊത്തിവച്ചിട്ടുള്ളത്.


ജ്യോമെട്രിക് മാതൃകയിലുള്ള വരകളും, സൂര്യന്റെയും പ്രകൃതിയുടെയും മനുഷ്യബന്ധം പ്രതിഫലിക്കും വിധമാണ് ശിലാരേഖാചിത്രങ്ങൾ മൂർച്ചയേറിയ ആയുധം കൊണ്ട് കൊത്തിവച്ചിട്ടുള്ളത്. വലുപ്പമുള്ള ആയുധം ഉപയോഗിച്ചാണ് പിന്നീട് റോക്ക് ആർട്ടിന്റെ മുകളിലൂടെ തമിഴ് ബ്രാഹ്മി ലിപി കൊത്തിവച്ചിട്ടുള്ളത്. ഇതിനപ്പുറമെ ഇവിടെ നിന്ന് മെസോലിത്തിക് കാലഘട്ടത്തെ മൈക്രോലിത്തുകളും ഹാർപ്പൂണുകളും കണ്ടെത്തിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന പുരാവസ്തു വകുപ്പിനും റോക്ക് ആർട്ടിലും പ്രാചീന ലിപിയിലും പ്രാഗത്ഭ്യം തെളിയിച്ച തഞ്ചാവൂർ സർവ്വകലാശാലയിലെ ഡോ. എസ്. സെൽവകുമാർ, ഡോ. എം. ആർ. രാഘവവാരിയർ, ഡോ. എം. ജി. എസ്. നാരായണൻ എന്നിവർക്കും ലിപിയുടെ പൂർണ്ണരൂപം വായിക്കാൻ അയച്ചുകൊടുത്തിട്ടുണ്ടെന്ന് സനൽകുമാർ പറഞ്ഞു.

കേരള സർവ്വകലാശാല ആർക്കിയോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ സനൽകുമാർ ഈ കണ്ടെത്തലുകൾ അവതരിപ്പിച്ചിരുന്നു.



എഴുത്തള ഗുഹാസങ്കേതത്തിൽ നിന്ന് കണ്ടെത്തിയ റോക്ക് ആർട്ടും തമിഴ് ബ്രാഹ്മി ലിപിയും ഡോ. വി. സനൽകുമാർ പരിശോധിക്കുന്നു



സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാലിഖിതങ്ങൾ ഡോ.വി.സനൽകുമാർ പരിശോധിക്കുന്നു

# സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാലിഖിതങ്ങൾ കണ്ടെത്തി

പെരുമ്പാവൂർ: അങ്കമാലിക്ക് സമീപം കരായാമ്പറമ്പ് ഉണ്ണിമഠം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാലിഖിതങ്ങൾ കണ്ടെത്തി. ക്ഷേത്ര അധിഷ്ഠാനത്തിന്റെ വൃത്തകുമുദത്തിൽ രണ്ട് ഭാഗങ്ങളിലായാണ് ശിലാലിഖിതങ്ങൾ ഉള്ളത്. സോപാനത്തിന്റെ ഇടതുഭാഗത്ത് 70 സെ.മീ. നീളത്തിലും 25 സെ.മീ. വീതിയിലും നാലുവരികളിലാണ് ലിപികൾ ആലേഖനം ചെയ്തിട്ടുള്ളത്.

സോപാനത്തിന്റെ വലതുഭാഗത്തുള്ള വൃത്തകുമുദത്തിൽ 20 സെ.മീ നീളത്തിലും 25 സെ.മീ. വീതിയിലുമായി 4 വരിയിലാണ് തമിഴ് ലിപിയിലുള്ളത്. പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിലെ അദ്ധ്യാപകൻ ഡോ.വി.സനൽകുമാറാണ് ക്ഷേത്രം സന്ദർശിച്ച് ലിപികളുടെ ചരിത്രപ്രാധാന്യം തിരിച്ചറിഞ്ഞത്. എ.ഡി. 8,9 നൂറ്റാണ്ടിൽ വികാസം പ്രാപിച്ച ലിപിയോടാണ് ഇതിനു സാദൃശ്യം.

285 സെ.മീ. നീളത്തിൽ സമചതുരാകൃതിയിലുള്ള ക്ഷേത്രം പൂർണമായും കരിങ്കൽ നിർമ്മിതമാണ്. മാങ്ങാട് രാജകുടുംബവുമായി ബന്ധമുള്ള ക്ഷേത്രം ഇന്ന് ജീർണാവസ്ഥയും അവഗണനയേറ്റും കിടക്കുകയാണ്. ടിപ്പുവിന്റെ പടയോട്ടകാലത്ത് നശിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്ന ക്ഷേത്രം പിന്നീട് ഭാഗികമായി പുനരുദ്ധീകരിക്കപ്പെടുകയായിരുന്നു. പ്രാചീന ശിലാലിഖിതത്തിന്റെ പ്രാധാന്യം സംസ്ഥാന പുരാവസ്തു വകുപ്പിനേയും ചരിത്രഗവേഷകരായ ഡോ. എം. ജി. എസ്. നാരായണനേയും ഡോ. എം. ആർ. രാഘവവാരിയരേയും അറിയിച്ചിട്ടുണ്ട് എന്ന് സനൽകുമാർ പറഞ്ഞു. ഈ ശിലാലിഖിതങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ക്ഷേത്രം ഭാരവാഹികളായ എം. ആർ. രാമകൃഷ്ണൻ നായരും ഘനശ്യാമും സർക്കാരിനോട് ആവശ്യപ്പെട്ടു.

**Kerala Kaumudhi 2015 October 08 Thursday**



*ഭൂകമ്പ മുന്നറിയിപ്പ് യന്ത്രവുമായി അധ്യാപകനായ ഡോ. വി. സനൽകുമാറും വിദ്യാർഥികളായ ഹൊസൈൻ അൻസാരിയും എസ്. ഗോകുലും*

# ഭൂകമ്പ മുന്നറിയിപ്പ് യന്ത്രവുമായി സ്കൂൾ വിദ്യാർഥികൾ

● ഇ-വേസ്റ്റിൽ നിന്നാണ് ഉപകരണത്തിൻെറ 90 ശതമാനം സാമഗ്രികളും സംഘടിപ്പിച്ചത്

**പെരുമ്പാവൂർ:** ഭൂമികുലുക്കമുണ്ടായാൽ നേരിട്ട് പ്രകമ്പന മുന്നറിയിപ്പ് നൽകുന്ന സൈസ്മിക് പ്രഡിക്ടർ ഉപകരണം വികസിപ്പിച്ചെടുത്ത അപൂർവ നേട്ടവുമായി ശ്രദ്ധേയമാകുകയാണ് പുല്ലുവഴി ജയ കേരളം ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ. രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർഥിയും ഉത്തർ പ്രദേശിലെ ഗൊരഖ്പൂർ സ്വദേശിയുമായ ഹൊസൈൻ അൻസാരിയും ഇതേ ക്ലാസിലെ എസ്. ഗോകുലും ചേർന്നാണ് അധ്യാപകൻെറ മാർഗ നിർദേശപ്രകാരം ഈ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത്.

മികച്ച ഹയർ സെക്കൻഡറി അധ്യാപകനുള്ള സംസ്ഥാന- ദേശീയ പുരസ്കാരം നേടിയ ജ്യോഗ്രഫി അധ്യാപകനായ ഡോ. വി. സനൽകുമാറാണ് വിദ്യാർഥികളിൽ പുതിയപുതിയ കണ്ടുപിടിത്തങ്ങൾ പരിപോഷിപ്പിക്കുന്നതിൻെറ ഭാഗമായി വിദ്യാർഥികൾക്ക് പ്രോത്സാഹനവും മാർഗനിർദേശവും നൽകിയത്.

ഭൂകമ്പമുന്നറിയിപ്പ് നേരിട്ട് നൽകാനുള്ള സാങ്കേതിക വിദ്യ ഇതുവരെയും വികസിപ്പിക്കാത്തതുകൊണ്ടാണ് ഓരോ വർഷവും ആയിരക്കണക്കിനാളുകൾ ഭൂകമ്പം മൂലം കെട്ടിടത്തിനടിയിൽപെട്ട് മരിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നത്. നിലവിലുള്ള ഉപകരണമായ സീസ്മോഗ്രാഫിൽ ഭൂകമ്പത്തിൻെറ തീവ്രത മാത്രമേ രേഖപ്പെടുത്താറുള്ളു. ഇതിൽ നിന്നുള്ള സന്ദേശം ഔദ്യോഗിക കേന്ദ്രത്തിലെത്തി വിശകലനം നടത്തുമ്പോഴേക്കും ജനങ്ങൾ കെട്ടിടത്തിനടിയിൽപ്പെട്ട് ദുരന്തം സംഭവിച്ചിരിക്കും. ഇവിടെയാണ് സൈസ്മിക് പ്രഡിക്ടറിൻെറ പ്രവർത്തനം പ്രസക്തമാകുന്നത്.

ഭൂകമ്പമോ സുനാമിയോ സംഭവിച്ചാൽ ഉടനെതന്നെ വീടിന് സമീപമോ മണ്ണിനടിയിലോ സ്ഥാപിച്ചിട്ടുള്ള ഉപകരണത്തിൽ നിന്നുള്ള ഇലക്ട്രോണിക് സംവിധാനം വഴി മുന്നറിയിപ്പ് ശബ്ദം നൽകും. പ്രകമ്പനത്തിൻെറ തീവ്രത അനുസരിച്ച് വീട്ടിൽ നിന്നും പുറത്തേക്കിറങ്ങി അപകടസാധ്യത ഒഴിവാക്കാൻ സാധിക്കും.

ഭൂമിയിൽ ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്ന ഇ-വേസ്റ്റിൽ നിന്നുമാണ് ഉപകരണത്തിൻെറ 90 ശതമാനം സാമഗ്രികളും സംഘടിപ്പിച്ചതെന്ന പ്രത്യേകതയുമുണ്ട്. തുടർച്ചയായി ഭൂകമ്പം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ വീടുകളിൽ 15,000 രൂപ മുതൽ 25000 രൂപ ചെലവിൽ വ്യത്യസ്ത ഓപ്ഷനിൽ ഉപകരണം നിർമിച്ച് നൽകാൻ കഴിയുമെന്ന് അധ്യാപകൻ സനൽകുമാർ പറയുന്നു.

**Madhyamam 2015 November 2, Monday**

# ഇ-വേസ്റ്റിൽനിന്ന
# ൂചലന മുന്നറിയിപ്പ്

ം: ഭൂമികുലുക്കമുണ്ടായാൽ പ്രകമ്പന മുന്നറിയിപ്പ്
ുന്ന 'സീസ്മിക് പ്രഡിക്ടർ' ഇ-വേസ്റ്റിൽനിന്ന് വി
പ്പിച്ചെടുത്ത് വിദ്യാർഥികൾ. എറണാകുളം പുല്ലുവഴി
കേരളം എച്ച്.എസ്.എസിലെ കമ്പ്യൂട്ടർ സയൻസിലെ
സൈൻ അൻസാരിയും എസ്. ഗോകുലുമാണ് സാങ്കേ
വിദ്യക്ക് പിന്നിൽ. ഉത്തർപ്രദേശിലെ ഗോരഖ്പൂരിൽ നി
ള്ള കുടിയേറ്റ കുടുംബത്തിലെ അംഗമാണ് ഹുസൈൻ.
കഴിഞ്ഞ മേയിൽ കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്
ൻഡ് ടെക്നോളജിയിൽ മുൻ രാഷ്ട്രപതി എ.പി.ജെ.
ബ്ദുൽ കലാം നടത്തിയ ഭൂകമ്പ പ്രവചന ഗവേഷണ
ത്തിൻെറ ആവശ്യകതയിലൂന്നിയ പ്രഭാഷണമാണ് ഉപക
ണം നിർമിക്കാൻ പ്രചോദനമായതെന്ന് ഇവർ പറഞ്ഞു.
ഭൂകമ്പമോ സുനാമിയോ ഉണ്ടായാൽ വീടിന് സമീപമോ മ
ണ്ണിനടിയിലോ സ്ഥാപിച്ചിട്ടുള്ള സീസ്മിക് പ്രഡിക്ടറിൽനി
ന്ന് ഇലക്ട്രോണിക് സംവിധാനം വഴി വീടിനകത്ത് മുന്നറി
യിപ്പ് ശബ്ദം നൽകും. പ്രകമ്പനത്തിൻെറ തീവ്രതക്കനുസ
രിച്ച് വീട്ടിൽനിന്ന് പുറത്തേക്കിറങ്ങണം. പ്രഡിക്ടറിലെ ചാ
ർട്ട് പേപ്പറിൽനിന്ന് പ്രകമ്പന തീവ്രത സൂചിപ്പിക്കുന്ന ഗ്രാ
ഫ് ലഭിക്കും. ഇലക്ട്രിക്കൽ സംവിധാനം വഴിയും ഇലക്
ട്രോൺ സാങ്കേതികവിദ്യ ഉപയോഗിച്ച് മൊബൈൽ ഫോ
ൺ വഴിയും മുന്നറിയിപ്പ് നൽകാൻ കഴിയും.

ഇ- വേസ്റ്റിൽ നിന്നാണ് പ്രഡിക്ടറിൻെറ 90 ശതമാനം സാമഗ്രികളും സംഘടിപ്പിച്ചത്. ഉപേക്ഷിക്കപ്പെട്ട ട്രാൻസ്ഫോമർ, റെഗുലേറ്റർ, ട്രാൻസിസ്റ്റർ, റെസിസ്റ്റർ, ഹീറ്റ് സിങ്ക്, ഡി.സി മോട്ടോർ, ബസർ പ്ലേറ്റ്, ഇലക്ട്രിക്കൽ വയറുകൾ, എൽ.ഇ.ഡി എന്നിവയാണ് നിർമാണത്തിന് ഉപയോഗിച്ചത്. 15000-25000 രൂപ ചെലവിൽ ഭൂകമ്പ മേഖലകളിൽ സീസ്മിക് പ്രഡിക്ടർ നിർമിക്കാനാവുമെന്ന് വിദ്യാർഥികൾ പറഞ്ഞു.



ഹുസൈൻ അൻസാരി, എസ്. ഗോകുൽ (ജയകേരളം എച്ച്.എസ്.എസ്. പുല്ലുവഴി, എറണാകുളം)

**Madhyamam 2015 November 27 Friday**

# ഉണ്ണിമഠം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ പ്രാചീന വട്ടെഴുത്ത് തമിഴ് ശിലാലിഖിതങ്ങൾ കണ്ടെത്തി

പെരുമ്പാവൂർ: അങ്കമാലിക്ക് സമീപം കരായാമ്പറമ്പ് ഉണ്ണിമഠം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാലിഖിതങ്ങൾ കണ്ടെത്തി.

ക്ഷേത്ര അധിഷ്ഠാനത്തിന്റെ വൃത്തകുമുദത്തിൽ രണ്ടു ഭാഗങ്ങളിലായാണ് ശിലാലിഖിതങ്ങൾ ഉള്ളത്. സോപാനത്തിന്റെ ഇടതുഭാഗത്ത് 70 സെ.മീ. നീളത്തിലും 25 സെ.മീ. വീതിയിലും നാലുവരികളിലാണ് ലിപികൾ ആലേഖനം ചെയ്തിട്ടുള്ളത്. സോപാനത്തിന്റെ വലതുഭാഗത്തുള്ള വൃത്തകുമുദത്തിൽ 20 സെ.മീ. നീളത്തിലും 25 സെ.മീ. വീതിയിലുമായി 4 വരിയിലാണ് തമിഴ് ലിപിയുള്ളത്.

പ്രാചീന ചരിത്രത്തിൽ ഗവേഷണം നടത്തുന്ന പുല്ലുവഴി ജയകേരളം ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകൻ ഡോ.വി.സനൽ കുമാറാണ് ക്ഷേത്രം സന്ദർശിച്ച് ലിപികളുടെ ചരിത്ര പ്രാധാന്യം തിരിച്ചറിഞ്ഞത്. എ.ഡി. 8, 9 നൂറ്റാണ്ടിൽ വികാസം പ്രാപിച്ച ലിപിയോടാണ് ഇതിനു സാദൃശ്യമെന്ന് ഡോ.സനൽ കുമാർ പറയുന്നു.

285 സെ.മീ.നീളത്തിൽ സമചതുരാകൃതിയിലുള്ള ക്ഷേത്രം പൂർണ്ണമായും കരിങ്കൽ നിർമ്മിതമാണ്. മാങ്ങാട് രാജകുടുംബവുമായി ബന്ധമുള്ള ക്ഷേത്രം ഇന്ന് ജീർണ്ണാവസ്ഥയും അവഗണനയേറ്റും കിടക്കുകയാണ്. ടിപ്പുവിന്റെ പടയോട്ടകാലത്ത് നശിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്ന ക്ഷേത്രം പിന്നീട് ഭാഗികമായി പുനരുദ്ധീകരിക്കപ്പെടുകയായിരുന്നു. തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രം വിജനമായ പ്രദേശത്ത് ഇപ്പോൾ അവഗണിക്കപ്പെട്ട നിലയിലാണ്.



▪ കരയാമ്പറമ്പ് ഉണ്ണിമഠം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ കണ്ടെത്തിയ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാലിഖിതങ്ങൾ ഡോ. വി. സനൽകുമാർ പരിശോധിക്കുന്നു.

ഇവിടെനിന്ന് കണ്ടെത്തിയ പ്രാചീന ശിലാലിഖിതത്തിന്റെ പ്രാധാന്യം സംസ്ഥാന പുരാവസ്തു വകുപ്പിനെയും ചരിത്രഗവേഷകരായ ഡോ.എം.ജി.എസ്. നാരായണനെയും ഡോ.എം.ആർ.രാഘവവാരിയരെയും അറിയിച്ചിട്ടുണ്ട് എന്ന് സനൽകുമാർ പറഞ്ഞു. ഈ ശിലാലിഖിതങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ക്ഷേത്രം ഭാരവാഹികളായ എം.ആർ രാമകൃഷ്ണൻ നായരും ഘനശ്യാമും സർക്കാരിനോട് ആവശ്യപ്പെട്ടു.

**Mangalam 2015 October 6 Tuesday**

# കരയാംപറമ്പ് ക്ഷേത്രത്തിൽ

# തമിഴ് ശിലാ ലിഖിതങ്ങൾ



കരയാംപറമ്പ് ഉണ്ണിമഠം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ കണ്ടെത്തിയ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാ ലിഖിതങ്ങൾ പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ ഡോ. വി. സനൽകുമാർ പരിശോധിക്കുന്നു

**അങ്കമാലി:** കരയാംപറമ്പ് ഉണ്ണിമഠം ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ശിലാ ലിഖിതങ്ങൾ കണ്ടെത്തി.

ക്ഷേത്ര അധിഷ്ഠാനത്തിന്റെ വൃത്തകുമുദത്തിൽ രണ്ട് ഭാഗങ്ങളിലായാണ് ശിലാ ലിഖിതങ്ങൾ ഉള്ളത്. സോപാനത്തിന്റെ ഇടതുഭാഗത്ത് 70 സെ.മീ. നീളത്തിലും 25 സെ.മീ. വീതിയിലും നാലുവരികളിലാണ് ലിപികൾ ആലേഖനം ചെയ്തിട്ടുള്ളത്. സോപാനത്തിന്റെ വലതുഭാഗത്തുള്ള വൃത്തകുമുദത്തിൽ 20 സെ.മീ. നീളത്തിലും 25 സെ.മീ. വീതിയിലുമായി 4 വരിയിലാണ് തമിഴ് ലിപിയുള്ളത്.

പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ ഡോ. വി. സനൽകുമാറാണ് ലിപികളുടെ ചരിത്ര പ്രാധാന്യം തിരിച്ചറിഞ്ഞത്.

എ.ഡി. 8, 9 നൂറ്റാണ്ടിൽ വികാസം പ്രാപിച്ച ലിപിയോടാണ് ഇതിന് സാദൃശ്യം. 285 സെ.മീ. നീളത്തിൽ സമചതുരാകൃതിയിലുള്ള ക്ഷേത്രം പൂർണമായും കരിങ്കൽ നിർമിതമാണ്.

മങ്ങാട്ട് രാജകുടുംബവുമായി ബന്ധമുള്ള ക്ഷേത്രം ഇന്ന് ജീർണാവസ്ഥയിലാണ്.

ടിപ്പുവിന്റെ പടയോട്ട കാലത്ത് നശിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്ന ക്ഷേത്രം പിന്നീട് ഭാഗികമായി പുനരുദ്ധരിച്ചു. തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രം വിജനമായ പ്രദേശത്ത് അവഗണനയേറ്റു കിടക്കുകയാണ്.

ഈ ശിലാ ലിഖിതത്തിന്റെ പ്രാധാന്യം സംസ്ഥാന പുരാവസ്തു വകുപ്പിനേയും ചരിത്ര ഗവേഷകരായ ഡോ. എം.ജി.എസ്. നാരായണനേയും ഡോ. എം.ആർ. രാഘവവാര്യരേയും അറിയിച്ചിട്ടുണ്ടെന്ന് സനൽകുമാർ പറഞ്ഞു.

ഈ ശിലാ ലിഖിതങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ക്ഷേത്രം ഭാരവാഹികളായ എം.ആർ. രാമകൃഷ്ണൻ നായരും ഘനശ്യാമും സർക്കാറിനോട് ആവശ്യപ്പെട്ടു.

**Mathrubhoomi 2015 October 9 Friday**